**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 125** | **20-06-2024 - ൽ മറുപടിയ്ക്ക്**

**മെമ്മറി കാർഡ് കാണാതായ സംഭവം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം മേയറും കെ.എസ്.ആർ.ടി.സി. ഡ്രൈവറും തർക്കമുണ്ടായ സംഭവത്തിന് ശേഷം ബസിലെ സി.സി.ടി.വി. ദൃശ്യങ്ങളടങ്ങിയ മെമ്മറി കാർഡ് കാണാതായി എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം മേയറും, കെ.എസ്.ആർ.ടി.സി. ഡ്രൈവറും തമ്മിൽ തർക്കമുണ്ടായതായി പരാതിയുയർന്ന സംഭവത്തിന് ശേഷം ബസ്സിലെ CCTV ദൃശ്യങ്ങളടങ്ങിയ മെമ്മറി കാർഡ് കാണാതായി എന്ന ആരോപണം പരിശോധിക്കുകയും, വകുപ്പ്തല നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് കെ.എസ്.ആർ.ടി.സി.യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മെമ്മറി കാർഡ് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 01.05.2024-ന് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ FIR No.416/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസിലെ തെളിവായ മെമ്മറി കാർഡ് കാണാതായത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം മേയറും, കെ.എസ്.ആർ.ടി.സി. ഡ്രൈവറും തമ്മിൽ തർക്കമുണ്ടായതായി പരാതിയുയർന്ന സംഭവത്തിന് ശേഷം ബസ്സിലെ CCTV ദൃശ്യങ്ങളടങ്ങിയ മെമ്മറി കാർഡ് കാണാതായി എന്ന ആരോപണം പരിശോധിക്കുകയും, വകുപ്പ്തല നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് കെ.എസ്.ആർ.ടി.സി.യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മെമ്മറി കാർഡ് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 01.05.2024-ന് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ FIR No.416/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഈ സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തി തുടർ നടപടി സ്വീകരിക്കുമോ? | (സി) | അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ